**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ- ഓർഡിനേറ്ററായ ശ്രീ. മണികണ്ഠൻ എ., സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ് - അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 1911/2019/തസ്വഭവ.          തിരുവനന്തപുരം, തീയതി: 03/09/2019**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ

2. 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/ധന നമ്പർ ഉത്തരവ്

3. 17.12.2016 തീയതിയിലെ സ.ഉ(സാധാ)നം. 3445/2016/തസ്വഭവ നമ്പർ ഉത്തരവ്

4. 26.04.2018 തീയതിയിലെ സ.ഉ(സാധാ)നം.1184/2018/തസ്വഭവ നമ്പർ ഉത്തരവ്

5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01/04/2019 -ലെ 11564/ഇ 1/17/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയ ശ്രീ. മണികണ്ഠൻ എ.-യെ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷൻ ഓഫീസിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം(4), പ്രകാരം ടിയാളുടെ അന്യത്രസേവനം 06/01/2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി 06/01/2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 07/01/2019 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മണികണ്ഠൻ എ., സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി -യുടെ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ (140 സി) പ്രകാരമുള്ള മാനദണ്ഡങ്ങൾക്കും പരാമർശം (1). (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്കും വിധേയമായി 07/01/2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**നന്ദന ആർ.പി.**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (രജിസ്ട്രാർ, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ് മുഖേന)
രജിസ്ട്രാർ, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**